പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3931</u> <u>16.05.2017 ൽ മറുപടിയ്ക്ക്</u>

## ചേലക്കര മണ്ഡലത്തിലെ തരിശായി കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ

ചോദ്യം
ശ്രീ.യു. ആർ. പ്രദീപ്

മറുപടി
ശ്രീ. വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും അധികാരപരിധിയിൽ വരുന്ന കൃഷിഭവനുകളിൽ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നുണ്ട്; കൃഷിഭവൻ തലത്തിൽ ഇവയുടെ കണക്ക് വ്യക്തമാക്കാമോ;

എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അധികാര പരിധിയിൽ 400 ഏക്കർ ഭൂമിയും, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അധികാരപരിധിയിൽ 158.5 ഏക്കർ ഭൂമിയും തരിശായി കിടക്കുന്നുണ്ട്.

കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഭവൻ | തരിശുനില വിസ്തൃതി ഏക്കറിൽ |
|---|---|---|---|
| 1 | പഴയന്നൂർ | ചേലക്കര | 62.5 |
| | | പഴയന്നൂർ | 175 |
| | | കൊണ്ടാഴി | 37.5 |
| | | പാഞ്ഞാൾ | 25 |
| | | വള്ളത്തോൾ-നഗർ | 37.5 |
| | | തിരുവില്വാമല | 62.5 |
| | | ആകെ - | 400 |
| 2 | വടക്കാഞ്ചേരി | ദേശമംഗലം | 62.5 |
| | | മുള്ളൂർക്കര | 37.5 |
| | | വരവൂർ | 58.5 |
| | | ആകെ - | 158.5 |

| | |
|---|---|
| ബി) തരിശു നിലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | ബി) തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 30,000/- രൂപ ആനുകൂല്യം കൊടുക്കുന്ന പദ്ധതി 2017-18 ൽ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. 2016-17 വർഷം തരിശു നില കൃഷി ചെയ്ത കർഷകർക്ക് ഹെക്ടറിന് 7000/- രൂപ നിരക്കിൽ 2-ാം വർഷ ധനസഹായവും (2017-18- ൽ) പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. ജനകീയാസൂത്രണ പദ്ധതിപ്രകാരവും തരിശു നിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

S. K

**സെക്ഷൻ ഓഫീസർ**